പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

ബുള്ളറ്റിൻ - ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജനുവരി 25, വെള്ളി

---

നമ്പർ 152

നിയമസഭാ മന്ദിരത്തിന്റെ പ്രവേശന കവാടത്തിൽ എത്തിയ ഗവർണ്ണറെ സ്പീക്കർ, മുഖ്യമന്ത്രി, പാർലമെന്ററികാര്യ വകുപ്പുമന്ത്രി, നിയമസഭാ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് വേദിയിലേക്ക് ആനയിച്ചു. ഗവർണ്ണറും സ്പീക്കറും അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ ദേശീയഗാനം ആലപിക്കപ്പെട്ടു.

രാവിലെ 9.00 മണിക്ക് നിയമസഭ സമ്മേളിച്ചു.

ഗവർണ്ണർ സഭയെ അഭിസംബോധന ചെയ്ത് പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞ് ഗവർണ്ണർ ഇരിപ്പിടത്തിനു മുന്നിലെത്തിയപ്പോൾ വീണ്ടും ദേശീയഗാനം ആലപിക്കപ്പെട്ടു. ഗവർണ്ണറെ യാത്രയയച്ചതിനുശേഷം സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭാനടപടി തുടർന്നു. ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പി അംഗങ്ങൾക്ക് വിതരണം ചെയ്തു. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2019 ജനുവരി 28 ന് ആരംഭിക്കുന്നതാണെന്നും അംഗങ്ങൾക്ക് 2019 ജനുവരി 26 - ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണി വരെ നന്ദിപ്രമേയത്തിന്റെ ഭേദഗതിക്കുള്ള നോട്ടീസ് നൽകാവുന്നതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

2019 ജനുവരി 28 - ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 10.44 ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്
സെക്രട്ടറി

**FOURTEENTH KERALA LEGISLATIVE ASSEMBLY**

**Fourteenth Session**

BULLETIN – PART I

( Brief Record of Proceedings )

**Friday, January 25, 2019**

---

**No.152**

The Governor was received at the entrance of the Assembly by the Speaker, the Chief Minister, the Minister for Parliamentary Affairs, Secretary of the Kerala Legislature and the Chief Secretary and was led to the dais. When the Governor and the Speaker arrived at their respective positions on the dais, National Anthem was played.

The Assembly met at 9.00 a.m.

The Governor delivered the Address to the Legislative Assembly. After the Address, when the Governor took position in front of his seat, National Anthem was played again. After departure of the Governor the business of the House was resumed with Mr.Speaker in the Chair. Copies of Governor's Address were distributed among the Members. The Speaker informed the House that the discussion on the Motion of Thanks to Governor's Address would commence from January 28, 2019 and that those Members who presume to give notice of amendments to the Motion of Thanks may do so before 3.00 p.m on Saturday, January 26, 2019

The House adjourned at 10.44 a.m. to meet again at 9.00 a.m. on Monday January 28, 2019

**V. K. Babu Prakash**
**Secretary**